സ്വർഗ്ഗാരോപിതമാതാ ദൈവാലയം മരിയനാട്

വചനധ്വനി

2026 ഫെബ്രുവരി കുടുംബ കൂട്ടായ്മകളിൽ ഉപയോഗിക്കേണ്ട യോഗക്രമം.

ഒരുക്കം :യോഗം കൂടുന്ന വീട് നന്നായി ഒരുക്കിയിരിക്കണം. യോഗം കൂടുന്ന ഹാളിന്റെ നടുക്ക് ബൈബിൾ ഒരുക്കിവയ്ക്കണം. യോഗം നടക്കുന്ന വീട്ടുകാർ യൂണിറ്റിലെ എല്ലാവരെയും യോഗം അറിയിക്കണം. യോഗത്തിൽ പങ്കെടുക്കുന്നവർ ബൈബിൾ നിർബന്ധമായും കൊണ്ടുവരണം. എല്ലാവരും ബൈബിളിന ചുറ്റും വട്ടത്തിൽ ഇരിക്കണം.

1. **പരിശുദ്ധാത്മാവിന്റെ ഗാനം :** ഗാനം ആലപിക്കുമ്പോൾ തന്നെ അംഗങ്ങൾ ബൈബിൾ വന്ദനം ചെയ്യണം.
2. **സ്വാഗതം :** കുടുംബനാഥൻ/കുടുംബനാഥ, എല്ലാവരെയും സ്വാഗതം ചെയ്യണം.
3. **ആമുഖം :**

പ്രിയപ്പെട്ടവരെ,

ഫെബ്രുവരി മാസം സഭയുടെ ആത്മീയ യാത്രയിൽ പ്രത്യേക പ്രസക്തിയുള്ള ഒരു കാലഘട്ടമാണ്. ഈ മാസം നമ്മെ ഒരേസമയം കരുണയുടെ പാതയിലേക്കും , സ്നേഹത്തിന്റെ ആഴത്തിലേക്കും , മാനസാന്തരത്തിന്റെ വിളിയിലേക്കും നയിക്കുന്ന മൂന്ന് ശക്തമായ ആത്മീയ സന്ദേശങ്ങളാൽ സമ്പന്നമാണ് . ഫെബ്രുവരി 11 പരിശുദ്ധ ലൂർദ്ദ്മാതാവിന്റെ തിരുനാൾ ദിനം സഭ ലോകരോഗിദിനമായി ആഘോഷിക്കുമ്പോൾ ; നമ്മെ രോഗത്താൽ വേദനിക്കുന്നവരുടെ അരികിലേക്ക് ക്ഷണിക്കുന്നു . ഫെബ്രുവരി 14-ന് ലോകം സ്നേഹദിനമായി (മഹലിശേില ഒ റമ്യ) ആഘോഷിക്കുമ്പോൾ സ്നേഹത്തെകുറിച്ച് ലോകം സംസാരിക്കുന്ന ഈ മാസം ; സഭ നമ്മെ നമ്മുടെ ബന്ധങ്ങളുടെ സത്യസന്ധത പരിശോധിക്കാൻ വിളിക്കുന്നു. ഇവ രണ്ടും ചേർന്ന് നമ്മെ നയിക്കുന്നത് നോമ്പിലേക്കുള്ള ഒരുക്കത്തിലേക്കാണ് . ഫെബ്രുവരി 18ാം തീയതി നോമ്പ് ആരം ഭിക്കുന്നു . അതിനാൽ ഫെബ്രുവരി വികാരങ്ങളുടെ കാലമല്ല, മറിച്ച് ബന്ധങ്ങളെ ശുദ്ധീകരി ക്കുകയും ഹൃദയങ്ങളെ പുതുക്കുകയും ചെയ്യുന്ന ആത്മീയ ശുദ്ധീകരണത്തിന്റെ കാലമായി മാറുന്നു.

ദൈവം സ്നേഹമാണ് (1യോഹ 4:8) എന്ന വചനത്തിന്റെ വെളിച്ചത്തിൽ ഈ മാസം നമ്മെ സ്നേഹത്തിലൂടെ ദൈവത്തിലേക്കുള്ള പാതയിൽ ഉറപ്പോടെ നയിക്കുന്ന ഫെബ്രുവരി 11 ലോക രോഗിദിനം, മനുഷ്യവേദനയുടെ നടുവിൽ ദൈവസാന്നിധ്യം തിരിച്ചറിയാനുള്ള ഒരു വിശുദ്ധ ക്ഷണമാകുന്നു. യേശു രോഗികളെ കണ്ടപ്പോൾ മാറിനിന്നില്ല; അവരെ സമീപിച്ചു, സ്പർശിച്ചു,

കരുണയോടെ ഉയർത്തി. രോഗിയുടെ കിടക്ക ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവപ്പെടുന്ന അനുഗ്രഹഭൂമിയായി മാറുന്നു. ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചു

(മത്തായി 25:36) എന്ന യേശുവിന്റെ വാക്കുകൾ, രോഗികളെ സന്ദർശിക്കുന്നതും പരിചരിക്കുന്നതും ദൈവാരാധനയുടെ ഭാഗമാണെന്ന് നമ്മെ പഠിപ്പിക്കുന്നു . ഈ ദിനം നമ്മുടെ
വിശ്വാസജീവിതത്തോട് ചോദിക്കുന്നു : വേദനിക്കുന്നവരെ നാം ഒഴിവാക്കുന്നുണ്ടോ ? ബിസിസി കൂട്ടായ്മകൾ സ്നേഹസമൂഹങ്ങളാകുമ്പോൾ സഭ തന്റെ യഥാർത്ഥ മുഖം ലോകത്തിനു മുന്നിൽ വെളിപ്പെടുത്തുന്നത് . സ്നേഹത്തെക്കുറിച്ച് ലോകം പലവിധം സംസാരിക്കുന്ന ഈ മാസം ക്രിസ്തീയമായി വായിക്കുമ്പോൾ ബന്ധങ്ങളുടെ വിശുദ്ധീകരണത്തിലേക്കുള്ള ഒരു ആഹ്വാനമായി മാറുന്നു . യേശു പഠിപ്പിച്ച സ്നേഹം പൂക്കളിലും സമ്മാനങ്ങളിലും ഒതുങ്ങുന്നതല്ല, ക്രൂശിൽ തെളിയുന്ന സ്നേഹം ത്യാഗമാണ് . യഥാർത്ഥ സ്നേഹം ത്യാഗത്തിലാണ് . ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. (യോഹ 13:34) എന്ന കല്പന, കുടുംബബന്ധങ്ങളിലും, ദാമ്പത്യബന്ധങ്ങളിലും, അയല്ക്കാരോടുള്ള ബന്ധങ്ങളിലും, ക്ഷമയും, സഹനവും, ത്യാഗവും ജീവിക്കാനുള്ള വിളിയാണ് . ഈ സ്നേഹബോധവും രോഗികളോടുള്ള കരുണയും നമ്മെ നയിക്കുന്നത് നോമ്പിലേക്കുള്ള ഒരുക്കത്തിലേക്കാണ്.

നോമ്പ് ഭക്ഷണം നിയന്ത്രിക്കുന്ന കാലമാത്രമല്ല , ബന്ധങ്ങൾ ശുദ്ധീകരിക്കുന്ന കാലമാണ് . കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വെച്ചിട്ട് പോയി സഹോദരനോട് രമ്യപ്പെടുക ; പിന്നെ വന്നു കാഴ്ചയർപ്പിക്കുക (മത്തായി 5:24) എന്ന യേശുവിന്റെ വാക്കുപോലെ വൈരാഗ്യം ഉപേക്ഷിക്കുകയും , പൊട്ടിപ്പോയ ബന്ധങ്ങൾ പുതുക്കുകയും ചെയ്യുന്നവർക്കാണ് യഥാർത്ഥ നോമ്പാരംഭം സാധ്യമാകുന്നത് . അതിനാൽ ഈ ഫെബ്രുവരിയിൽ കരുണയുടെ വഴിയിലൂടെ നടന്ന് സ്നേഹത്തിന്റെ പ്രകാശത്തിൽ വളർന്ന് , മാനസാന്തരത്തിന്റെ ആഴങ്ങളിൽ ശുദ്ധീകരിക്കപ്പെട്ട ഹൃദയങ്ങളോടെ സമാധാനവും ബന്ധങ്ങളുടെ പുനരൈക്യവും നിറഞ്ഞ ജീവിതവുമായി നമുക്ക് നോമ്പുകാലഘട്ടത്തിലേക്ക് പ്രവേശിക്കാം .

യേശുവിനെ ക്ഷണിക്കൽ :-

ലീഡർ : ''എന്റെ നാമത്തിൽ നിങ്ങൾ ഒന്നിച്ച് കൂടുമ്പോൾ നിങ്ങളുടെ മദ്ധ്യേ ഞാനുണ്ടാകും'' എന്ന് നമുക്ക് വാഗ്ദാനമരുളിയ കർത്താവിന്റെ സാന്നിദ്ധ്യം നമുക്ക് അനുസ്മരിക്കാം.

4. **വിശ്വാസപ്രമാണം***(എല്ലാവരും ഒരുമിച്ചു ചൊല്ലുന്നു)*

ലീഡർ : നമുക്ക് ഓരോരുത്തർക്കും ചുരുങ്ങിയ വാക്കുകളിൽ ഈശോയെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം. (5 പേർ യേശുവിനെ ക്ഷണിച്ചുള്ള പ്രാർത്ഥനകൾ ചൊല്ലുന്നു - മറ്റുള്ളവർ മറുപടിയായ് ''യേശുവേ ഞങ്ങളുടെ മദ്ധ്യേ കടന്നു വരേണമേ''എന്ന് പറയുന്നു.)

5. **സങ്കീർത്തനം 42: 111**

എല്ലാവരും ബൈബിൾ തുറന്ന് വായിച്ച് പ്രാർത്ഥിക്കുന്നു.
(ലീഡർ ഒരു വാക്യം വായിക്കുമ്പോൾ മറ്റുള്ളവർ അടുത്ത വാക്യം വായിക്കുന്നു.)

6. **വചനഗീതി**

7. **വചനപാരായണം : ഏശയ്യ : 58 : 110**

8. **വചനവിചിന്തനം :-**

പ്രിയപ്പെട്ടവരെ,

നോമ്പ് : ഹൃദയത്തിന്റെ ശുദ്ധീകരണവും ആത്മീയ നവീകരണവും

നോമ്പുകാലം സഭയുടെ ആത്മീയ ജീവിതത്തിൽ ഏറ്റവും ഗൗരവമേറിയതും അനുഗ്രഹ പൂർണ്ണവുമായ ഒരു കാലഘട്ടമാണ് . ഇത് ഭക്ഷണനിയന്ത്രണത്തിന്റെ കാലം മാത്രമല്ല ; മാനസാന്തരത്തിന്റെ , ശുദ്ധീകരണത്തിന്റെ , പുതുക്കലിന്റെ കാലഘട്ടമാണ് . യേശു തന്റെ നാല്പതു

ദിവസം മരുഭൂമിയിൽ ഉപവസിച്ചതിലൂടെ (മത്തായി 4:1–11) നോമ്പിന് ആത്മീയ അർത്ഥം നല്കി. നോമ്പ് നമ്മോട് ചോദിക്കുന്നത് ; ഞാൻ ആരാണ് ? എനിക്ക് ഏറ്റവും വിലപ്പെട്ടത് എന്താണ് ? ദൈവത്തിനായി എന്തും ത്യാഗം ചെയ്യാൻ ഞാൻ തയ്യാറാണ് ?

ഇപ്പോഴെങ്കിലും ഉപവാസത്തോടും, വിലാപത്തോടും, നെടുവീർപ്പോടും നിങ്ങൾ പൂർണ്ണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരുച്ചുവരുവിൻ. (ജൊയേൽ 2:12) എന്ന ദൈവവചനം പോലെ ശരീരത്തേക്കാൾ മുമ്പ് ഹൃദയത്തെ ശുദ്ധീകരിക്കാനുള്ള ക്ഷണമാകുന്നു. ഈ തപസുകാലം നോമ്പ് ഒരു നഷ്ടത്തിന്റെ കാലമല്ല; അത് ദൈവത്തിൽ വീണ്ടും കണ്ടെത്തപ്പെടാനുള്ള, ഹൃദയം പുതുക്കാനുള്ള ഒരു ശുഭ സന്ദർഭമാണ്. നോമ്പിൽ നാം ചില ഭക്ഷണങ്ങൾ ഉപേക്ഷിക്കുന്നത് വിശപ്പിന്റെ പരീക്ഷണമല്ല, സ്വയം നിയന്ത്രണത്തിന്റെ

ഇച്ഛാശക്തിയുടെ പരിശീലനമാണ്. പ്രശസ്ത ആത്മീയ എഴുത്തുകാരന് തോമസ് മെർട്ടാൺ പറഞ്ഞത് പോലെ : എമമേ ലാുൃേ ൃീൗലെഹള; ൂുമ്യ ീ ളശഹഹ ൃീൗലെഹള നിന്നെത്തന്നെ ശൂന്യമാക്കാൻ ഉപവസിക്കു; കൃപയിൽ നിറയാൻ പ്രാർത്ഥിക്കൂ. ഇന്നത്തെ കാലത്ത് നോമ്പ് ഭക്ഷണത്തിൽ മാത്രമൊതുങ്ങരുത്. മാധ്യമങ്ങളും, സാമൂഹ്യശൃംഖലകളും, വിനോദവും പോലെ ഉപവാസവിഷയമാകണം. അനാവശ്യ സ്ക്രീന് സമയം, മനസ്സിനെ അശുദ്ധമാക്കുന്ന ദൃശ്യങ്ങൾ, ആത്മാവിനെ ക്ഷീണിപ്പിക്കുന്ന വിനോദങ്ങൾ ഇവയിൽ നിന്ന് വിട്ടുനില്ക്കുന്നതും ഒരു വിശുദ്ധ ഉപവാസമാണ്. എല്ലാം എനിക്കു നിമയമാനുസൃതമാണ്; എന്നാൽ എല്ലാം പ്രയോജനകരമല്ല; ഒന്നും എന്നെ അടിമപ്പെടുത്താൻ ഞാൻ സമ്മതിക്കുകയില്ല (1 കൊറി 6:12) എന്ന വചനം നമ്മെ പഠിപ്പിക്കുന്നത്, വിട്ടുനില്ക്കലും ഒരു ആത്മീയ വിജയം തന്നെയാണ്. ഈ ഉപവാസം നമ്മെ ശാന്തരാക്കുന്നു. ഉള്ളിലേക്കു തിരിയാൻ സഹായിക്കുന്നു. ദൈവസ്വരത്തിന് ഒരിടം ഒരുക്കുകയും ചെയ്യുന്നു.

നോമ്പിന്റെ യഥാർത്ഥ ആത്മീയതയെ കൂടുതൽ തിരിച്ചറിയുന്നതിന് നമ്മൾ ആത്മപരിശോധന ചെയ്യണം.എന്റെ ഹൃദയത്തിലെ ആഗ്രഹങ്ങൾ എത്രമാത്രം ദൈവത്തിനു സമർപ്പിതമാണ് ? എന്റെ സ്വാർത്ഥതയെ നിശ്ചലമാക്കിയാലോ? ഞാൻ ബന്ധങ്ങളെ ശുദ്ധമാക്കാൻ തയ്യാറാണോ? സ്വാഭാവികമായ ആസ്വാദനങ്ങളിൽ നിന്ന് വിട്ട് ദൈവത്തിനും സ്നേഹത്തിനും കൂടുതൽ ഇടം നല്കാൻ നോമ്പ് വെല്ലുവിളിക്കുന്നു. വിശുദ്ധ. ജോൺപോൾ ഒകാമൻ പറഞ്ഞു: oവല ാീൃല ൃീൗ ഹലമേ ൃീൗലെഹള യല വെമുലറ യ്യ ളമശ്രേിഴ, ൂുമ്യല്യ, മിറ മഹാഴെശ്ശിഴ, വേല ാീൃല ൃീൗ യല യലരീാല ള്യലല ീ ഹീല. ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നിവയാൽ നിങ്ങൾ സ്വയം രൂപപ്പെടാൻ അനുവദിക്കുന്തോറും സ്നേഹിക്കാൻ നിങ്ങൾ കൂടുതൽ സ്വതന്ത്രരാകും. എങ്കിലും തിരുവചനം പഠിപ്പിക്കുന്നത് വ്യക്തമാണ്: നോമ്പ് ഭക്ഷണം ഉപേക്ഷിക്കുന്നതിൽ അവസാനിക്കരുത് ഏശയ്യ പ്രവാചകൻ പറയുന്നു: ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും, നുകത്തിന്റെ കയറുകൾ അഴിക്കുകയും, മർദിതരെ സ്വതന്ത്രരാക്കുകയും, എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്? (ഏശയ്യ 58:6–7) അതായത്, യഥാർത്ഥ നോമ്പ് ബന്ധങ്ങളെ ശുദ്ധീകരിക്കുന്നതും, ദരിദ്രനെ ചേർക്കുന്നതും, ക്ഷമയിലൂടെ പുനർനവീകരണത്തിനും വഴി തുറക്കുന്നതുമാണ്. വിശുദ്ധ ആഗസ്റ്റിൽ പറഞ്ഞതുപോലെ : കള ൃീൗ ളമമേ, യൗേ ീേ ളീൃഴശ്ല, ൃീൗ ളമമേ ശേ ലാുൃേ ക്ഷമയില്ലാത്ത ഉപവാസം ശൂന്യമാണ്. നോമ്പുകാലം നമ്മോട് ആവശ്യപ്പെടുന്നത് കോപം ഉപേക്ഷിക്കുക, വൈരാഗ്യം വിട്ടൊഴിയുക, പൊട്ടിപ്പോയ ബന്ധങ്ങൾ തിരുത്തുക, പ്രാർത്ഥനയും കരുണയും ജീവിതശൈലിയാക്കുക എന്നതാണ്. ഈ നോമ്പിലേക്കുള്ള യാത്രയ്ക്ക് വഴികാട്ടികളായി ഫെബ്രുവരി മാസത്തിലെ രണ്ടു പ്രത്യേക ദിനങ്ങൾ നമ്മെ ഒരുക്കുന്നു. ഫെബ്രുവരി 11–ന് ലോകരോഗിദിനം, വേദനിക്കുന്നവരുടെ അരികിലേക്കു പോകാൻ നമ്മെ പഠിപ്പിക്കുന്നു. ഫെബ്രുവരി 14–ന് ലോകം സ്നേഹത്തെക്കുറിച്ച് സംസാരിക്കുമ്പോൾ സഭ നമ്മെ ബന്ധങ്ങളുടെ വിശുദ്ധീകരണത്തിലേക്കു വിളിക്കുന്നു. രോഗിയിലേക്കു ചായുന്ന കരുണയും ബന്ധങ്ങളെ പുതുക്കുന്ന സ്നേഹവും നോമ്പിലേക്കുള്ള യഥാർത്ഥ പാതകളാണ്. അതുകൊണ്ട് ഈ

ഫെബ്രുവരിയിൽ കരുണയുടെ വഴിയിലൂടെ നടന്ന് , സ്നേഹത്തിന്റെ പ്രകാശത്തിൽ വളർന്ന്, മാനസാന്തരത്തിന്റെ ആഴങ്ങളിൽ ശുദ്ധീകരിക്കപ്പെട്ട ഹൃദയങ്ങളോടെ സമാധാനവും ബന്ധങ്ങളുടെ പുനരൈക്യവും നിറഞ്ഞ ജീവിതവുമായി നമുക്ക് നോമ്പിലേക്കു പ്രവേശിക്കാം.

ദൗത്യം ഏറ്റെടുക്കൽ

1. ബിസിസി യൂണിറ്റിലെ ഓരോ കുടുംബവും ഒരു നേരം ഉപവസിച്ച്(ഭക്ഷണച്ചെലവിൽ നിന്നുള്ള ലാഭം) ഒരു പൊതു ഫണ്ടിൽ ശേഖരിച്ച് അത് യൂണിറ്റിലെ ദിരദ്രർക്കും രോഗികൾക്കും ആവശ്യമായ സഹായമായി (മരുന്ന്, ഭക്ഷണസാധനങ്ങൾ, സ്കൂൾ സാമഗ്രികൾ) നല്കണം.
2. ഓരോ ദിവസം ഒരു കുടുംബം കുറഞ്ഞത് 30 മിനിറ്റ് കുടുംബപ്രാർത്ഥന നടത്തി (ദൈവവചന വായനയും സ്വതന്ത്ര പ്രാർത്ഥനയും ഉൾപ്പെടെ) ഒരു പ്രത്യേക വ്യക്തിയെയോ കുടുംബത്തെയോ (രോഗികൾ, യുവാക്കൾ, ലഹരി മുക്തി ആവശ്യമുള്ളവർ) സമർപ്പിച്ച് പ്രാർത്ഥിക്കണം.
3. ബിസിസി അംഗങ്ങൾ ഒരുദിവസം ഒരു നല്ല പ്രവൃത്തി എന്ന നിലയിൽ ഒരാളെ സന്ദർശിക്കുകയോ സഹായിക്കുകയോ വേണം.(വയോദികരേ കാണുക, ഒറ്റപ്പെട്ടവരെ വിളിക്കുക, വഴക്കുള്ളവരോട് മാപ്പ് പറയുക, ആവശ്യക്കാരെ സഹായിക്കുക) അത് അടുത്ത ബിസിസി മീറ്റിംഗിൽ പങ്കുവെയ്ക്കണം.
4. ഈ മാസം ഓരോ വ്യക്തിയും അനാവശ്യ ചെലവുകളും ആഡംബരങ്ങളും ഒഴിവാക്കാൻ തീരുമാനിച്ച് (മദ്യം, സിഗരറ്റ്, അനാവശ്യ ഷോപ്പിംഗ്, ആഘോഷത്തിലെ അതിരുകടന്ന ചെലവ്) ലാഭിക്കുന്ന പണം ആവശ്യക്കാരുടെ സഹായത്തിനായി മാറ്റിവയ്ക്കണം.
5. ആഴ്ചയിൽ ഒരു ദിവസം മൊബൈൽ ഫാസ്റ്റിംഗ് (സോഷ്യൽ മീഡിയ ഒഴിവാക്കി വയോധികരെ സന്ദർശിക്കൽ, ഒറ്റപ്പെട്ടവരുമായി സമയം പങ്കുവയ്ക്കൽ, പഠനത്തിൽ പിന്നോക്കമുള്ള കുട്ടികളെ സഹായിക്കൽ തുടങ്ങിയ പ്രവർത്തികൾക്കായി സമയം ഉപയോഗിക്കാം.) കൂടാതെ ദിവസത്തിൽ ഒരു മണിക്കൂർ മൊബൈൽ ഫോൺ, ടിവി, കമ്പ്യൂട്ടർ എന്നിവ ഓഫ് ചെയ്തു കുടുംബാംഗങ്ങൾ കൂടിയിരുന്നു സമയം ചെലവഴിക്കുക.
6. നോമ്പു കാലത്ത് പലിശ ഒഴിവാക്കി നൽകുക. കടം ഇളവു ചെയ്തു കൊടുക്കുന്നത് നോമ്പുകാലത്തേ വലിയ നന്മയാണ്.
9. റിപ്പോർട്ട്
10. ഹാജർ
11. അടുത്ത യോഗം നിശ്ചയിക്കുക
12. ചർച്ച
13. കുടുംബയൂണിറ്റ് പ്രതിഷ്ഠാ പ്രാർത്ഥന :

(ലീഡർ ചൊല്ലിക്കൊടുക്കുന്നു, മറ്റുള്ളവർ അത് ഏറ്റു പറയുന്നു)

കാരുണ്യവാനായ പിതാവേ, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു, ആരാധിക്കുന്നു, മഹത്വപ്പെടുത്തുന്നു. അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. ദൈവത്തെയും, മനുഷ്യരെയും സ്നേഹിക്കുക എന്നതാണ് ഞങ്ങളുടെ കടമയെന്ന് ഏറ്റു പറയുന്നു. ദൈവീക സ്നേഹം അനുഭവിക്കാനും, ആ സ്നേഹത്തിൽ എന്നും നിലനിൽക്കാനും, ആ സ്നേഹം സഹോദരങ്ങൾക്ക് പകർന്ന് നൽകാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ സ്വാർത്ഥതകൾ വെടിഞ്ഞ്, ഹൃദയവിശാലതയും, പരസ്നേഹവും അഭ്യസിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അയൽ ബന്ധങ്ങൾ ശക്തിപ്പെടുത്താനും, ആവശ്യക്കാരെ സഹായിക്കാനും, രോഗികളെ ശുശ്രൂഷിക്കാനും, തെറ്റുകൾ ക്ഷമിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. ദൈവവചനം മനസ്സിലാക്കാനും, ദൈവവിശ്വാസത്തിൽ ശക്തിപ്പെടാനും, പരിശുദ്ധാത്മാവിന്റെ വരദാനങ്ങളിൽ ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ യൗസേപ്പിതാവേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല മാലാഖമാരേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ അന്തോനീസേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

ഞങ്ങളുടെ കുടുംബയൂണിറ്റിന്റെ മദ്ധ്യസ്ഥനായ.... : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല വിശുദ്ധരേ :**ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

14. മദ്ധ്യസ്ഥ പ്രാർത്ഥന

ലീഡർ : നമ്മുടെ കർത്താവും നാഥനുമായ യേശുക്രിസ്തുവിനോട് നമ്മുടെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.

സ്വയം പ്രേരിത പ്രാർത്ഥന (പങ്കെടുക്കുന്നവർ പറയുന്നു.)

കുടുംബയോഗം നടന്ന ഭവനത്തിന് വേണ്ടി ലീഡർ പ്രാർത്ഥിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

നന്മ നിറഞ്ഞ മറിയമേ.....

15. ഭാരവാഹികളിൽ ഒരാൾ എല്ലാവർക്കും നന്ദി പറയുന്നു.

16. സമാപന ഗാനം